روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

**മുഹമ്മദ് നബി (സ്വ) യോടുള്ള കടമകൾ**

30/09/2022

بسم الله الرحمن الرحيم

- മുഹമ്മദ് നബി (സ്വ) യെക്കുറിച്ച് സമൂഹത്തിൽ ഏറെ ചർച്ച നടക്കുന്ന ഒരു മാസത്തിലേക്കാണ് നാം പ്രവേശിക്കുന്നത്.
- പലരും പ്രവാചകനെ ഈ മാസത്തിൽ ഓർക്കുന്നത് ചില ബിദ്അത്തുകളിലൂടെയാണ്.
- യഥാർത്ഥത്തിൽ ഒരു വിശ്വാസിക്ക് പ്രവാചകനോടുള്ള ബാധ്യതകൾ എന്തെല്ലമാണ്. അതാണ് ഇന്നത്തെ ഖുത്തബയിലൂടെ പറയാൻ ശ്രമിക്കുന്നത്.
- അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ലെന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ പ്രവാചകനാണെന്നുകൂടി പ്രഖ്യാപിക്കുമ്പോൾ മാത്രമാണ് ഒരാൾ മുസ്ലിമായിത്തീരുന്നത്.

أشهد أن لا إله إلا الله و أشهد أن محمد رسول الله

ചുണ്ടുകൾ കൊണ്ടുള്ള ഉരുവിടൽ മാത്രമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. അതിന് അനേകം ഘടകങ്ങളുണ്ട്.

**1. അദ്ദേഹം അല്ലാഹുവിന്റെ റസൂലാണ് എന്ന് വിശ്വസിക്കണം.**

مُّحَمَّدٌ رَّسُولُ اللَّهِ ۚ وَالَّذِينَ مَعَهُ أَشِدَّاءُ عَلَى الْكُفَّارِ رُحَمَاءُ بَيْنَهُمْ (محمد: ٢٩)

അതു പോലെ തന്നെ അദ്ദേഹം അന്ത്യ പ്രവാചകനാണെന്നും മുഴുവൻ മനുഷ്യരിലേക്കുമുള്ള പ്രവാചകനാണെന്നും വിശ്വസിക്കൽ നമ്മുടെ കടമയാണ്.

وَمَا أَرْسَلْنَاكَ إِلَّا كَافَّةً لِّلنَّاسِ بَشِيرًا وَنَذِيرًا وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ﴿سبأ: ٢٨﴾

നബി (സ്വ) പറഞ്ഞു;

عَنْ جَابِرِ بْنِ عَبْدِ اللَّهِ،أَنَّ النَّبِيَّ صلى الله عليه وسلم قَالَ :...... وَكَانَ النَّبِيُّ يُبْعَثُ إِلَى قَوْمِهِ خَاصَّةً، وَبُعِثْتُ إِلَى النَّاسِ عَامَّةً

നബിമാരെ അവരവരുടെ ജനതയിലേക്ക് മാത്രമാണ് മുമ്പ് നിയോഗിച്ചയച്ചിരുന്നത്. എന്നെ നിയോഗിച്ചയച്ചിരിക്കുന്നതാവട്ടെ മനുഷ്യരാശിയിലേക്കാകമാനവും. (ബുഖാരി)

- മുഹമ്മദ് നബിﷺക്ക് ശേഷം ഇനിയൊരു നബിയുണ്ടെന്ന് വിശ്വസിക്കുന്നവൻ കാഫിറാ ണെ ന്നതിൽ മുസ്‌ലിംകൾക്കിടയിൽ തർക്കമില്ല.

- ഇനിയുമൊരു പ്രവാചകൻ വരാം, അതിൽ അസാംഗത്യമൊന്നുമില്ല എന്ന് വിശ്വസിക്കു ന്നത് പോലും കുഫ്റാണ്.

**2. അദ്ദേഹം അറിയിച്ചു തന്ന എല്ലാ കാര്യങ്ങളും സത്യമാണെന്ന് അംഗീകരിക്കണം.**

وَمَا يَنطِقُ عَنِ الْهَوَىٰ ﴿٣﴾ إِنْ هُوَ إِلَّا وَحْيٌ يُوحَىٰ ﴿٤﴾ (سورة النجم)

ഹദീസുകളെ പരിഹസിക്കുന്നവർ.

ബുദ്ധിക്ക് പ്രധാന്യം നൽകി പ്രമാണങ്ങളെ നിഷേധിക്കുന്നവർ

ഈച്ചയുടെ ഹദീസ്, നബി (സ്വ) ക്ക് സിഹ്റ് ബാധിച്ചു എന്ന ഹദീസ് തുടങ്ങിയവയെ നിഷേധിക്കുന്നവരുണ്ട് സമൂഹത്തിൽ

**3. അദ്ദേഹം കൽപിച്ചത് അനുസരിക്കലും വിരോധിച്ചത് ഒഴിവാക്കലും.**

مَّن يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ ۖ وَمَن تَوَلَّىٰ فَمَا أَرْسَلْنَاكَ عَلَيْهِمْ حَفِيظًا ﴿٨٠ /النساء﴾

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا ۚ وَاتَّقُوا اللَّهَ ۖ إِنَّ اللَّهَ شَدِيدُ الْعِقَابِ ﴿الحشر: ٧﴾

**ഏതെല്ലാം കാര്യങ്ങളിൽ നബി (സ്വ) നാം അനുസരിക്കുന്നുണ്ട്?**

✓ **സംസാരം എങ്ങനെയാണ്.**

عَنْ عَائِشَةَ، أَنَّهَا قَالَتْ ، إِنَّ رَسُولَ اللَّهِ صلى الله عليه وسلم لَمْ يَكُنْ يَسْرُدُ الْحَدِيثَ كَسَرْدِكُمْ

ആയിശ (റ) പറയുന്നു: നബി ﷺ പറഞ്ഞു: നിങ്ങളെപ്പോലെ നിർത്താതെ തുരുതുരാ സംസാരിക്കുന്ന സ്വഭാവക്കാരനായിരുന്നില്ല നബി ﷺ (ബുഖാരി)

عَنْ عَائِشَةَ، رَحِمَهَا اللَّهُ قَالَتْ كَانَ كَلاَمُ رَسُولِ اللَّهِ صلى الله عليه وسلم كَلاَمًا فَصْلاً يَفْهَمُهُ كُلُّ مَنْ سَمِعَهُ .

ആയിശ (റ) ൽ നിന്ന് നിവേദനം: നബി ﷺ യുടെ സംസാരം, ശ്രോതാക്കൾക്ക് മുഴുവൻ ഗ്രാഹ്യമാകുംവിധം സ്ഫുടവും വ്യക്തവുമായ വചനങ്ങളായിരുന്നു. (അബൂദാവൂദ്)

✓ **ഭാര്യമാരോട് എങ്ങനെ?**

عَنْ عَائِشَةَ، قَالَتْ مَا ضَرَبَ رَسُولُ اللَّهِ صلى الله عليه وسلم خَادِمًا لَهُ وَلاَ امْرَأَةً وَلاَ ضَرَبَ بِيَدِهِ شَيْئًا .

ആയിശ (റ) യിൽ നിന്ന് നിവേദനം: അവർ പറഞ്ഞു: നബി(ﷺ) തന്റെ ഭൃത്യരെയോ ഭാര്യമാരെയോ ഒരിക്കലും അടിച്ചിരുന്നില്ല, തന്റെ കൈ കൊണ്ട് അവിടുന്ന് ആരെയും അടിച്ചിരുന്നില്ല. (ഇബ്നുമാജ)

**ആവശ്യമില്ലാത്തത് ഉപേക്ഷിക്കണം.**

عَنْ أَبِي هُرَيْرَةَ رضيَ اللهُ عنهُ قَالَ : قَالَ رسولُ اللهِ صلّى اللهُ عَلَيهِ وَسَلَّمَ : مِنْ حُسْنِ إِسْلَامِ المَرْءِ تَرْكُهُ مَا لَا يَعْنِيهِ:

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:ഒരാളുടെ ഇസ്‌ലാം നന്നാകുന്നതിൽപെട്ടതാണ്, അവൻ തനിക്ക് ആവശ്യമില്ലാത്തത് ഒഴിവാക്കുകയെന്നത്. (തിർമിദി)

**നബി (സ്വ) പാടില്ലെന്ന് പഠിപ്പിച്ച പലതും നമ്മിൽ പലരുടെയും ജീവിതത്തിൽ കൊണ്ടു നടക്കുന്നു.**

പലിശ, മോഷണം, വ്യഭ്യചാരം പരദൂഷണം, അസൂയ, അഹങ്കാരം, കച്ചവടത്തിൽ വഞ്ചന കാണിക്കൽ, തുടങ്ങിയ ധാരാളം തിന്മകൾ

قَالَ رسولُ اللهِ صلّى اللهُ عَلَيهِ وَسَلَّمَ : إِنَّكَ لَنْ تَدَعَ شَيْئًا للهِ إلاَّ أَبْدَلَكَ اللهُ بِهِ مَا هُوَ خَيْرٌ لَكَ مِنْهُ

നബി ﷺ പറഞ്ഞു: നീ അല്ലാഹുവിൻറെ പ്രീതി കാംക്ഷിച്ചുകൊണ്ട് (നിഷിദ്ധമായ) ഒരു കാര്യം ഉപേക്ഷിച്ചാൽ, അതിനേക്കാൾ നല്ലത് അവൻ നിനക്ക് പകരം നൽകാതിരിക്കില്ല' (മുസ്നദ് അഹ്മദ്: അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു)

**4. നമ്മുടെ സ്വന്തം ശരീരത്തേക്കാൾ അദ്ദേഹത്തെ സ്നേഹിക്കൽ**

عَنْ أَنَسِ بْنِ مَالِكٍ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم:لاَ يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ أَحَبَّ إِلَيْهِ مِنْ وَلَدِهِ وَوَالِدِهِ وَالنَّاسِ أَجْمَعِينَ

അനസിൽ(റ) നിന്ന് നിവേദനം. നബി ﷺ പറഞ്ഞു: ഒരാൾക്ക്, സ്വന്തം പിതാവിനെക്കാളും സന്താനത്തെക്കാളും മുഴുവൻ മനുഷ്യരെക്കാളും ഏറ്റവും പ്രിയപ്പെട്ടവൻ ഞാനാകുന്നതുവരെ നിങ്ങളിലൊരാളും സത്യവിശ്വാസിയാവുകയില്ല. (മുസ്‌ലിം)

**ഉമർ (റ) വിന്റെ സംഭവം.**

عَنْ عَبْدَ اللَّهِ بْنَ هِشَامٍ، قَالَ كُنَّا مَعَ النَّبِيِّ صلى الله عليه وسلم وَهْوَ آخِذٌ بِيَدِ عُمَرَ بْنِ الْخَطَّابِ فَقَالَ لَهُ عُمَرُ يَا رَسُولَ اللَّهِ لأَنْتَ أَحَبُّ إِلَيَّ مِنْ كُلِّ شَىْءٍ إِلاَّ مِنْ نَفْسِي. فَقَالَ النَّبِيُّ صلى الله عليه وسلم " لاَ وَالَّذِي نَفْسِي بِيَدِهِ حَتَّى أَكُونَ أَحَبَّ إِلَيْكَ مِنْ نَفْسِكَ ". فَقَالَ لَهُ عُمَرُ فَإِنَّهُ الآنَ وَاللَّهِ لأَنْتَ أَحَبُّ إِلَيَّ مِنْ نَفْسِي. فَقَالَ النَّبِيُّ صلى الله عليه وسلم " الآنَ يَا عُمَرُ ".

ഉമർ (റ) ഒരിക്കൽ നബി ﷺ യോട് പറഞ്ഞു: 'എന്റെ (സ്വന്തം) ദേഹം ഒഴിച്ച് മറ്റെല്ലാവരെക്കാളും എനിക്കു ഏറ്റവും ഇഷ്ടപ്പെട്ട ആൾ അങ്ങുന്നാകുന്നു.' അപ്പോൾ നബി ﷺ പറഞ്ഞു:

ഇല്ല, എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെ സത്യം, നിന്റെ ശരീരത്തെക്കാൾ നീ എന്നെ സ്നേഹിക്കണം. അപ്പോൾ ഉമർ (റ) പറഞ്ഞു: അല്ലാഹുവാണെ സത്യം, അങ്ങാണ് എനിക്ക് എന്നെക്കാൾ പ്രിയപ്പെട്ടവൻ. അപ്പോൾ നബി ﷺ പറഞ്ഞു: ഉമർ, ഇപ്പോഴാണ് താങ്കളുടെ വിശ്വാസം ശരിയായത്.' (ബുഖാരി)

**5. സ്വലാത്ത് ചൊല്ലൽ ( അദ്ദേഹത്തിന് നൻമക്കും രക്ഷക്കും വേണ്ടി പ്രാർത്ഥിക്കൽ)**

നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലാൻ വേണ്ടി അല്ലാഹു സത്യവിശ്വാസികളോട് കല്പിച്ചിട്ടുള്ളതായി കാണാവുന്നതാണ്.

إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا ﴿٥٦﴾

നബി (സ്വ) പഠിപ്പിച്ചു.

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : لاَ تَجْعَلُوا بُيُوتَكُمْ قُبُورًا وَلاَ تَجْعَلُوا قَبْرِي عِيدًا وَصَلُّوا عَلَيَّ فَإِنَّ صَلاَتَكُمْ تَبْلُغُنِي حَيْثُ كُنْتُمْ

അബൂഹുറൈറയിൽ(റ) നിന്നും നിവേദനം: നബി ﷺ പറഞ്ഞു: എന്റെ ഖബറിടം നിങ്ങൾ ഉത്സവം, ഈദ്, ഉറൂസ് സ്ഥലമാക്കരുത്. എന്റെ മേൽ സ്വലാത്ത് ചൊല്ലുക. നിങ്ങൾ എവിടെയാണെങ്കിലും നിങ്ങളുടെ സ്വലാത്ത് എനിക്ക് എത്തുന്നതാണ്. (അബൂദാവൂദ്:അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു)

عَنْ عَبْدِ اللَّهِ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : إِنَّ لِلَّهِ مَلاَئِكَةً سَيَّاحِينَ فِي الأَرْضِ يُبَلِّغُونِي مِنْ أُمَّتِي السَّلاَمَ

അബ്ദില്ലയിൽ (റ) നിന്നും നിവേദനം:നബി ﷺ അരുളി : അല്ലാഹുവിന് ഭൂമിയിൽ ചുറ്റി സഞ്ചരിക്കുന്ന ഒരു കൂട്ടം മലക്കുകളുണ്ട്. എന്റെ സമുദായത്തിൽ നിന്നുള്ള സലാം (സ്വലാത്ത്) അവർ എനിക്ക് എത്തിക്കുന്നതാണ്.(നസാഇ)

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : مَا مِنْ أَحَدٍ يُسَلِّمُ عَلَيَّ إِلاَّ رَدَّ اللَّهُ عَلَيَّ رُوحِي حَتَّى أَرُدَّ عَلَيْهِ السَّلاَمَ

അബൂഹുറൈറയിൽ (റ) നിന്നും നിവേദനം: നബി ﷺ പറഞ്ഞു : വല്ലവനും എന്റെ മേൽ സലാം ചൊല്ലിയാൽ അത് മടക്കുന്നതുവരെ അല്ലാഹു എന്റെ റൂഹിനെ എന്റെ മേൽ ഇടുന്നതാണ്. (അബൂദാവൂദ്)

**6. നബി (സ്വ) ക്ക് വേണ്ടി വസീല, ഫളീല എന്നീ സ്ഥാനങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കൽ**

സ്വർഗത്തിൽ അത്യുന്നതമായ ദറജ അൽ വസീലയാണ്. ആ ഉന്നത പദവി ഒരേ ഒരു വ്യക്തിക്ക് മാത്രമാണ് ലഭിക്കുക.

عَنْ أَبُو هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم سَلُوا اللَّهَ لِيَ الْوَسِيلَةَ . قَالُوا يَا رَسُولَ اللَّهِ وَمَا الْوَسِيلَةُ قَالَ " أَعْلَى دَرَجَةٍ فِي الْجَنَّةِ لاَ يَنَالُهَا إِلاَّ رَجُلٌ وَاحِدٌ أَرْجُو أَنْ أَكُونَ أَنَا هُوَ "

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു : നിങ്ങൾ എനിക്ക് വേണ്ടി വസീലയെ ചോദിക്കുക. സ്വഹാബിമാർ ചോദിച്ചു:അല്ലാഹുവിന്റെ റസൂലേ, എന്താണ് വസീല? നബി ﷺ പറഞ്ഞു : സ്വർഗത്തിലെ അത്യുന്നതമായ പദവിയാണത്. ഒരേ ഒരു വ്യക്തി മാത്രമാണ് അത് നേടുക. ആ വ്യക്തി ഞാൻ ആകുവാൻ ഞാൻ ആശിക്കുന്നു. (തിർമിദി)

---

- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+[illegible]) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇതു വരെയുള്ള എല്ലാ ഖുത്ബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.